സി ജി (1)63411/18.

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം , തീയതി : 05.05.2018.
**Email :** keralarcs.coop@kerala.gov.in
**Website : www. cooperation. kerala.gov.in.**

## സർക്കുലർ നമ്പർ 29/2018

വിഷയം:- സഹകരണവകുപ്പ് - കേരള നിക്ഷേപ ഗ്യാരന്റി സ്കീമിൽ അംഗമാകുന്നത് - നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:-
1. സർക്കാറിന്റെ 11.01.2017 ലെ ജി ഒ (പി) 03/2012/സഹ നമ്പർ വിജ്ഞാപനം.
2. സർക്കാറിന്റെ 24.10.2014 ലെ ജി ഒ (പി) നം. 126/2014/സഹ നമ്പർ വിജ്ഞാപനം.
3. സഹകരണ സംഘം രജിസ്ട്രാറുടെ 29/2013-ാം നമ്പർ സർക്കുലർ.

1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 57 (ബി) യിൽ സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം രൂപീകരിക്കാൻ സർക്കാറിനെ അധികാരപ്പെടുത്തിയിരുന്നതിന്റെ അടിസ്ഥാനത്തിൽ സൂചന (1) പ്രകാരം സംസ്ഥാനസഹകരണ വകുപ്പ് മന്ത്രി ചെയർമാനായി കേരള കോ-ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ച് സർക്കാർ ഉത്തരവായിരുന്നു. കേരള സഹകരണ സംഘം (ഭേദഗതി) നിയമം 2013 പ്രകാരം വകുപ്പ് 57(ബി) യിൽ ഉപ വകുപ്പ് (3) കൂട്ടിച്ചേർക്കുകയും അതനുസരിച്ച് നിക്ഷേപ ഗ്യാരന്റി സ്കീം ബാധകമായ എല്ലാ സഹകരണ സംഘങ്ങളും 6 മാസത്തിനകം പ്രസ്തുത സ്കീമിൽ ചേരണമെന്നും, അപ്രകാരം ചേരാത്ത സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കാനുള്ള അവകാശം നഷ്ടമാകുമെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതും, അതനുസരിച്ച് സഹകരണ സംഘം രജിസ്ട്രാർ സൂചന (3) പ്രകാരം സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

സ്കീമിൽ ഭേദഗതി വരുത്തി സൂചന (2) പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും അതനുസരിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ളതും ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നിക്ഷേപം സ്വീകരിക്കുന്നതും പ്രവർത്തനരഹിതമോ ലിക്വിഡേഷൻ നടപടികൾക്ക് വിധേയമാകുന്നതോ അല്ലാത്തതുമായ എല്ലാ സംഘങ്ങളും നിക്ഷേപഗ്യാരന്റി സ്കീമിൽ

അംഗമായി ചേരേണ്ടതാണ്. അതിനായി സഹകരണ സംഘം രജിസ്ട്രാർ നോട്ടിഫൈ ചെയ്യുന്ന എല്ലാ സംഘങ്ങളും നിക്ഷേപ സുരക്ഷ പദ്ധതിയിൽ ചേർന്ന് നിശ്ചിത വിഹിതം അടയ്ക്കേണ്ടതാണ്.

എന്നാൽ നിരവധി സംഘങ്ങൾ ഇപ്പോഴും ടി സ്കീമിൽ ചേർന്നിട്ടില്ല എന്ന് കാണുന്നു. ടി സാഹചര്യത്തിൽ ,മേൽ സൂചിപ്പിച്ച പ്രകാരം നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സംഘങ്ങളും 2018 ആഗസ്റ്റ് 15 നകം നിക്ഷേപ ഗ്യാരന്റി സ്കീമിൽ അംഗമാകണമെന്ന് കർശന നിർദ്ദേശം നൽകുന്നു. ഇതിനായി സഹകരണ നിയമം ചട്ടം 63 പ്രകാരം സംഘങ്ങൾ ഫ്ളൂയിഡ് റിസോഴ്സ് സൂക്ഷിക്കുന്നുണ്ടോ എന്നും നിക്ഷേപം സ്വീകരിക്കുന്നതിനുള്ള മറ്റ് വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്നും പരിശോധിച്ച് സ്കീമിൽ ചേരാൻ യോഗ്യതയുള്ള മുഴുവൻ സംഘങ്ങളുടെയും അപേക്ഷയും അനുബന്ധങ്ങളും സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ എത്തിക്കാൻ അതാത് ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. 2018 ആഗസ്റ്റ് 15 ന് ശേഷവും സ്കീമിൽ ചേരേണ്ടതായ ഏതെങ്കിലും സംഘം ചേരാതെ തന്നെ നിക്ഷേപം സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കേരള സഹകരണ സംഘം നിയമം (ഭേദഗതി) 2013 - വകുപ്പ് 57(ബി) ഉപവകുപ്പ് (3) പ്രകാരം രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് അത്തരം സംഘങ്ങൾ നിക്ഷേപം സ്വീകരിക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതും കേരള സഹകരണ നിയമത്തിൽ അനുശാസിക്കുന്ന വിധം സംഘത്തിൽ നിന്നും പിഴ ഈടാക്കുന്നതുമാണ്. ഈ കാര്യത്തിൽ എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരും സംഘങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ്മാരും പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

ഒപ്പ്,
ഡോ. ഡി. സജിത്ബാബു ഐ എ എസ്
സഹകരണ സംഘം രജിസ്ട്രാർ

**പകർപ്പ്:**

1. ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്
   ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം
2. മാനേജിംഗ് ഡയറക്ടർ
   കേരള സംസ്ഥാന സഹകരണ ബാങ്ക്
   തിരുവനന്തപുരം.
3. മാനേജിംഗ് ഡയറക്ടർ
   കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
   തിരുവനന്തപുരം
4. ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി
   കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്.
   തിരുവനന്തപുരം